**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6286** **10-11-2021 - ൽ മറുപടിയ്ക്ക്**

**റെയിൽവേ മേൽപ്പാലങ്ങളുടെ ആവശ്യകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കാനത്തിൽ ജമീല** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | റെയിൽവേ ഗേറ്റുകൾ ഇല്ലാത്ത സംസ്ഥാനമെന്ന ലക്ഷ്യം നേടുന്നതിനും അപകടരഹിതവും വേഗതയുമുള്ള ഗതാഗതം സാധ്യമാക്കുന്നതിനുമായുള്ള റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിലെ പുരോഗതി അറിയിക്കാമോ; | (എ) | റെയിൽവേ ഗേറ്റ് ഇല്ലാത്ത കേരളം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി 72 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതി- നായി 2016-21 കാലഘട്ടത്തിൽ ആർ.ബി.ഡി.സി.കെ.യ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 11 ആർ.ഒ.ബി. കൾ നിർമ്മാണ ഘട്ടത്തിലാണ്. 3 ആർ.ഒ.ബി. കളുടെ ടെണ്ടർ നടപടികളും 15 ആർ.ഒ.ബി.കളുടെ സ്ഥലമേറ്റെടുപ്പ് നടപടി- കളും നടന്നുകൊണ്ടിരിക്കുന്നു. 29 ആർ.ഒ.ബി.- കൾക്ക് കിഫ്ബി അംഗീകാരം നൽകുകയും ജി.എ.ഡി.യുടെ അംഗീകാരത്തിനായി റെയിൽവേയിൽ സമർപ്പിക്കുകയും ചെയ്തു. 4 ആർ.ഒ.ബി.കളുടെ ഡി.പി.ആർ കിഫ്ബി- യുടെ പരിഗണനയിലാണ്. ബാക്കിയുള്ള 10 ആർ.ഒ.ബി.കളുടെ പദ്ധതി രേഖ തയ്യാറാക്കി വരികയാണ്. ദക്ഷിണ റെയിൽവേയുടെ കീഴിൽ വരുന്ന തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളിലായി 27 ആർ.ഒ.ബി കളുടെ നിർമ്മാണത്തിനാണ് കെ.ആർ.ഡി.സി.എൽ നെ ഇപ്പോൾ ചുമതലപ്പെടുത്തയിരിക്കുന്നത്. ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും 50:50 എന്ന ഓഹരി പ്രകാരമാണ് ആർ.ഒ.ബി.-കൾ നിർമ്മിക്കുന്നത്. ടി ആർ.ഒ.ബി-കളുടെ ഡി.പി.ആർ പഠനം പുരോഗമന ഘട്ടത്തിലാണ്. ഡി.പി.ആർ പൂർത്തീകരിച്ച ആർ.ഒ.ബി-കളുടെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങളും നടന്നുവരുന്നു. ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പൂർത്തിയായ 2 ആർ.ഒ.ബി.-കളുടെ ടെൻഡർ നടപടികൾ തുടങ്ങുകയും ചെയ്തു. |
| (ബി) | റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായുള്ള തുകയിൽ എത്രശതമാനം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാറുണ്ട്; വ്യക്തമാക്കുമോ; | (ബി) | റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ- ത്തിന് നിർമ്മാണച്ചെലവിന്റെ (സ്ഥലം വില ഒഴികെ) 50% റെയിൽവേ വഹിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ നഗര-ഗ്രാമങ്ങളിലെ റോഡ് ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ എണ്ണവും വർദ്ധിക്കുന്നതിനാൽ റെയിൽവേ മേൽപ്പാലങ്ങളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതായിവരുമെന്ന് കരുതുന്നുണ്ടോ; | (സി) | ട്രെയിൻ വെഹിക്കുലർ യൂണിറ്റ് (ടി.വി.യു) സർവ്വേ അനുസരിച്ചാണ് ആർ.ഒ.ബി കളുടെ ആവശ്യകത നിർണ്ണയിക്കുന്നത്. |
| (ഡി) | എങ്കിൽ ഇതിനാവശ്യമായി വരുന്ന സാമ്പത്തിക ബാധ്യത വഹിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ